## 1068

യേശു എൻസ്വന്തം ഞാനവൻ വകയാം
ഇന്നുമെന്നുമേ (2)

1 ജീവിതകാലമെല്ലാം നൽതുണയെനിക്കവനാം
ഭൂവിലില്ലൊരു ക്ലേശമതാൽ-

2 തരുന്നവൻ പുതുകൃപകൾ മരുവിലെൻ യാത്രയ്ക്കായി
തീരുകില്ല നിത്യംതരും താൻ-

3 എന്മനമാനന്ദിക്കുന്നവനിലനുദിനം തൻ
നന്മകളെന്റെ കീർത്തനമേ-

4 കർത്താവൊരുക്കിടുന്ന നിത്യമാം ഭവനമതിൽ
പാർത്തിടും മൃത്യുവെന്നിയെ ഞാൻ-

5 ദൈവത്തിൻ പൈതലാം ഞാൻ എത്രയത്യാനന്ദമായ്
മേവിടുന്നു പ്രത്യാശയോടെ- **C.J.**